ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 07.01.2025**

## പ്രധാനവാർത്തകൾ

1) പൗര കേന്ദ്രീകൃത ഭരണത്തിനായുള്ള കേന്ദ്രസർക്കാരിൻറെ പ്രതിബദ്ധതയ്ക്ക് മുൻഗണന നൽകുന്നതാണ് വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
2) ഡൽഹി നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് ഫെബ്രുവരി അഞ്ചിന് ഒറ്റഘട്ടമായി നടക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടെണ്ണൽ 8 ന് .
3) HMP വൈറസ് ബാധയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ഒരു വിധത്തിലും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.
4) കേരളത്തിലെ സാക്ഷരരായ യുവജനങ്ങളുടെ സംഭാവനകളിൽ രാജ്യം ഏറെ പ്രതീക്ഷ അർപ്പിക്കുന്നതായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
5) 63--ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാം ദിനത്തിൽ മേധാവിത്വം തുടർന്ന് കണ്ണൂർ, തൃശൂർ, പാലക്കാട് ജില്ലകൾ. കലോത്സവത്തിന് നാളെ സമാപനമാവും.
6) സംസ്ഥാന സ്കൂൾ കായികമേളയിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടി പുനഃപരിശോധിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

&&&&&&&&&&&&&&&&&&

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദി.

പൗര കേന്ദ്രീകൃത ഭരണത്തിനായുള്ള കേന്ദ്രസർക്കാരിൻറെ പ്രതിബദ്ധതയ്ക്ക് മുൻഗണന നൽകുന്നതാണ് വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വ്യക്തിഗത വിവരങ്ങൾ സംരക്ഷിക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര ഐ.ടി മന്ത്രാലയമാണ് വ്യക്തിഗത ഡിജിറ്റൽ വിവര സംരക്ഷണ നിയമത്തിന്റെ കരട് പുറത്തിറക്കിയത്. സ്വകാര്യ വിവരങ്ങളുടെ ദുരുപയോഗം തടയുന്നതും ബില്ലിലൂടെ ലക്ഷ്യമിടുന്നു. MyGov പ്ലാറ്റ്ഫോം വഴി പൊതുജനങ്ങൾക്ക് അടുത്ത മാസം 18 വരെ ഇത് സംബന്ധിച്ച അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

ഡൽഹി തിരഞ്ഞെടുപ്പ് (ഇൻട്രോ)

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. 70 മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് ഫെബ്രുവരി അഞ്ചിന് ഒറ്റഘട്ടമായി നടക്കും. വോട്ടെണ്ണൽ 8 നാണ്. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 17 ആണ് .

(വോയിസ്...)

&&&&&&&&&&&&&&&&&&

HMPV വീണാ ജോർജ് (INTRO)

RNUTVPM

HMP വൈറസ് ബാധയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ ഒരു വിധത്തിലും ആശങ്കപ്പേടേണ്ട സാഹചര്യമില്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ഇത് പുതിയതായി കണ്ടെത്തിയ വൈറസ് അല്ലെന്നും, രാജ്യത്ത് ആദ്യമായി HMPV റിപ്പോർട്ട് ചെയ്യെന്ന വിധത്തിലുള്ള മാധ്യമ വാർത്തകൾ തെറ്റാണെന്നും മന്ത്രി പറഞ്ഞു. കേരളം ഉൾപ്പെടെ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും മുൻപ് തന്നെ HMPV കണ്ടെത്തിയിട്ടുള്ളതാണ്. പുതിയതായ ഒരു സാഹചര്യവും ഇപ്പോൾ ഉണ്ടായിട്ടില്ലെന്നും, സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

RNU TVPM

HMP വൈറസിന് എന്തെങ്കിലും വിധത്തിൽ ജനിതകമാറ്റമുണ്ടായതായി WHO ഉൾപ്പെടെ ഇതുവരെ സ്ഥിരീകരിച്ചിട്ടില്ലെന്നും ശ്രീമതി വീണാ ജോർജ് പറഞ്ഞു. ശ്വാസകോശ രോഗബാധയിൽ രാജ്യത്ത് അസാധാരണ വർദ്ധന ഉണ്ടായിട്ടില്ലെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയവും ഇന്ന് വ്യക്തമാക്കിയിരുന്നു.

&&&&&&&&&&&&&&&&&&

## യങ് ലീഡേഴ്സ് ഡയലോഗ്

യുവജനങ്ങളുടെ പങ്കാളിത്തമില്ലാതെ രാജ്യത്തിന് വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കാനാകില്ലെന്ന് ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കേരളത്തിലെ സാക്ഷരരായ യുവജനങ്ങളുടെ

സംഭാവനകളിൽ രാജ്യം പ്രതീക്ഷ അർപ്പിക്കുന്നതായും ഗവർണർ പറഞ്ഞു. മേരാ യുവ ഭാരത് പോർട്ടലിലെ മത്സരങ്ങളിൽ വിജയികളായ 39- അംഗ കേരള സംഘത്തിന് രാജ്ഭവനിൽ നൽകിയ യാത്രയയപ്പ് ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഈ മാസം 10, 11, 12 തീയതികളിൽ നടക്കുന്ന യങ് ലീഡേഴ്സ് ഡയലോഗിൽ പ്രധാനമന്ത്രിയുടെ മുൻപിൽ സംഘം ആശയങ്ങൾ അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&

**കലോത്സവം - സമാപനം**

RNU TVPM

തിരുവനന്തപുരത്ത് നടക്കുന്ന 63--ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാം ദിനമായ ഇന്ന് 218 ഇനങ്ങൾ പൂർത്തിയായപ്പോൾ 877 പോയിൻറുകളുമായി കണ്ണൂർ ജില്ല മേധാവിത്വം തുടരുന്നു. 875 പോയിൻറുമായി തൃശൂരും 873 പോയിൻറുമായി പാലക്കാടുമാണ് രണ്ടും,
മൂന്നും സ്ഥാനങ്ങളിൽ. സംഘനൃത്തം, കോൽക്കളി, നാടകം, നാടോടിനൃത്തം തുടങ്ങിയവയിൽ മികച്ച ജനപങ്കാളിത്തത്തിനാണ് മത്സര വേദികൾ ഇന്ന് സാക്ഷ്യം വഹിച്ചത്. കലോത്സവത്തിന് നാളെ തിരശീല വീഴും. ഉച്ചയ്ക്ക് രണ്ട് മണിയോടെ മത്സരങ്ങളും മൂന്നരയോടെ അപ്പീൽ നടപടിക്രമങ്ങളും പൂർത്തിയാകും.

വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. ചലച്ചിത്ര നടൻ ടൊവിനോ

തോമസ്

മുഖ്യാതിഥിയാകും. സമാപനത്തോടനുബന്ധിച്ച് തിരുവന ന്തപുരം ജില്ലയിലെ സ്കൂളുകൾക്ക് നാളെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**കലോത്സവം- ശിവൻകുട്ടി**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണം മന്ത്രി വി. ശിവൻകുട്ടി എസ്. എം. വി സ്കൂളിൽ ഉദ്ഘാടനം ചെയ്തു. പതിനാറായിരത്തോളം പേർക്കാണ് പുരസ്കാരങ്ങളും പ്രശസ്തി പത്രവും നൽകുന്നത്. ചൂരൽമലയിലെ മത്സരാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് പ്രത്യേക സമ്മാനവും നൽകുന്നുണ്ട്.

&&&&&&&&&&&&&&&&&&

**നിയമസഭാ പുസ്തകോത്സവം-ഇൻട്രോ**

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പിന് തിരുവനന്തപുരത്ത് ഇന്ന് തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. നിയമസഭാ മന്ദിരത്തിൽ ഈ മാസം 13 വരെ നടക്കുന്ന മേളയിൽ 150 ലധികം ദേശീയ അന്തർ ദേശീയ പ്രസാധകർ പങ്കെടുക്കുന്നുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലപ്രതിനിധി രെജു കോലിയക്കോട്...........

RNU TVPM

(വോയിസ്)

&&&&&&&&&&&&&&&&&&

## മന്ത്രി വി ശിവൻകുട്ടി - കായികമേള

സംസ്ഥാന സ്കൂൾ കായികമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് രണ്ട് സ്കൂളുകളെ വിലക്കിയ നടപടി പുനഃപരിശോധിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. വിദ്യാർത്ഥികളുടെ അവസരം നിഷേധിക്കില്ലെന്നും കൂടിയാലോചനകൾക്ക് ശേഷം വിലക്ക് നീക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. നവംബറിൽ കൊച്ചിയിൽ നടന്ന സംസ്ഥാന സ്കൂൾ കായികമേളയുടെ സമാപന ചടങ്ങിൽ പ്രതിഷേധിച്ച നാവാമുകുന്ദ, മാർ ബേസിൽ സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ വകുപ്പ് വിലക്ക് ഏർപ്പെടുത്തിയത്. അന്വേഷണ കമ്മിഷൻ മുൻപാകെ കുറ്റം സമ്മതിച്ച ഇരുസ്കൂളുകളും, സംഭവത്തിൽ ഖേദം പ്രകടിപ്പിച്ചതായും മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## തിരുവാഭരണ ഘോഷയാത്ര

മകരവിളക്കിന് ഏഴുനാൾ മാത്രം ശേഷിക്കെ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ഇന്ന് വൈകുന്നേരം 6 വരെ 65,206 പേർ ദർശനം നടത്തി. 14 നാണ് മകരവിളക്ക്. തിരുവാഭരണ ഘോഷയാത്ര 12ന് പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ നിന്നു പുറപ്പെടും.

&&&&&&&&&&&&&&&&&&

## പി വി അൻവർ- പാണക്കാട്

നിലമ്പൂർ എംഎൽഎ പി വി അൻവർ, മുസ്ലീം ലീഗ് സംസ്ഥാന അധ്യക്ഷൻ സാദിഖലി ശിഹാബ് തങ്ങളുമായി കൂടിക്കാഴ്ച നടത്തി. യുഡിഎഫിലേക്കുള്ള നീക്കങ്ങൾ സജീവമാക്കുന്നതിന് പിന്നാലെയാണ്

സന്ദർശനം. തനിക്ക് നൽകിയ പിന്തുണയ്ക്ക് നന്ദി പറയാൻ വേണ്ടിയാണ് പാണക്കാടെത്തിയതെന്ന് എംഎൽഎ പ്രതികരിച്ചു. നിലമ്പൂർ വനംവകുപ്പ് ഓഫീസ് അടിച്ചുതകർത്ത കേസിൽ ജാമ്യം നേടി ജയിൽ മോചിതനായതിന് പിന്നാലെയാണ് സന്ദർശനം.

RNU TVPM

&&&&&&&&&&&&&&&&&&

## പി എസ് ശ്രീധരൻ പിള്ള

എല്ലാമതങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് സനാതന ധർമ്മത്തിന് ഏറ്റവും പ്രാധാന്യം നൽകിയ രാജ്യമാണ് ഇന്ത്യയെന്ന് ഗോവ ഗവർണ്ണർ പി എസ് ശ്രീധരൻ പിള്ള. കെ.ഇ.മാമ്മൻ സ്മാരക രാഷ്ട്ര സേവാപുരസ്കാരം മലങ്കര ഓർത്തഡോക്സ് സഭാ പരമാദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയ്ക്ക് നൽകികൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## സിഎംഎഫ്ആർഐ പുരസ്കാരം

ഹിന്ദി ഭാഷ മികച്ച രീതിയിൽ കൈകാര്യം ചെയ്യുതിനുള്ള ക്ഷേത്രീയ രാജ്ഭാഷ പുരസ്കാരം തുടർച്ചയായി മൂന്നാം തവണയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സ്വന്തമാക്കി. ആഭ്യന്തര മന്ത്രാലയത്തിലെ ഔദ്യോഗിക ഭാഷാ വകുപ്പാണ് പുരസ്കാരം നൽകുന്നത്.

&&&&&&&&&&&&&&&&&&

**അഗസ്ത്യാർകൂടം ട്രക്കിങ്**

ജനുവരി 20 മുതൽ ഫെബ്രുവരി 22 വരെ നീളുന്ന അഗസ്ത്യാർകൂടം ട്രക്കിങ്ങിനുള്ള രജിസ്ട്രേഷൻ നാളെ ആരംഭിക്കും. വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിലൂടെ മൂന്ന് ഘട്ടങ്ങളായാണ് ഇക്കുറി ബുക്കിങ് ക്രമീകരിച്ചിട്ടുള്ളത്.

RNUTVPM

&&&&&&&&&&&&&&&&&&

**നേപ്പാൾ**

നേപ്പാൾ-ടിബറ്റ് അതിർത്തിയിൽ ഇന്ന് രാവിലെയുണ്ടായ ഭൂകമ്പത്തിൽ മരണസംഖ്യ 95 പിന്നിട്ടു. 130 ലേറെപ്പേർക്ക് പരിക്കേറ്റതായാണ് ഇതുവരെയുള്ള കണക്കുകൾ. 7.1 തീവ്രതയുള്ള ഭൂകമ്പം സിസാങ് നഗരത്തിലാണ് ഏറെ നാശം വിതച്ചത്.

&&&&&&&&&&&&&&&&&&

**ഭക്ഷ്യ സുരക്ഷാ പരിശോധന**

പുതുവത്സര വിപണിയിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് 1300-ലേറെ പ്രത്യേക പരിശോധനകൾ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്രിസ്തുമസിനോടനുബന്ധിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ 2800 പരിശോധനകൾ കൂടാതെയാണിത്. മാനദണ്ഡങ്ങൾ പാലിക്കാത്ത 21 സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചതായും ആരോഗ്യമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## മന്ത്രി ജി.ആർ. അനിൽ

വഴയില-പഴകുറ്റി നാലുവരിപ്പാതയുടെ രണ്ടാം റീച്ചിനായി കെൽട്രോൺ ജംഗ്ഷൻ മുതൽ വാളിക്കോട് വരെ ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാര തുകയായ 284 കോടി രൂപ മന്ത്രി ജി.ആർ. അനിൽ, തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കൈമാറി.

RNU TVPM

312 കുടുംബങ്ങളിൽ നിന്നായി 11.9 ഏക്കർ ഭൂമിയാണ് ഈ റീച്ചിൽ ഏറ്റെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## കാർഗിൽ വിജയം അനുസ്മരണം

കാർഗിൽ വിജയത്തിൻ്റെ ഇരുപത്തഞ്ചാം വാർഷികാചരണത്തിൻ്റെ ഭാഗമായി വയനാട് ബത്തേരിയിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. NCC അഞ്ചാം കേരള ബറ്റാലിയൻ വയനാട് കമാൻഡിങ് ഓഫീസർ കേണൽ മുകുന്ദ് ഗുരു രാജ് ഉദ്ഘാടനം ചെയ്തു.

സെൻ◌്റ് മേരീസ് കോളജ് എൻ സി സി യൂണിറ്റ് വയനാട്, കണ്ണൂർ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷനുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&